ബഹു. ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി മന്ത്രി
ഡോ. ആർ ബിന്ദുവിന്റെ വാർത്താസമ്മേളനം

**25.07.2022**

സംസ്ഥാന സാമൂഹ്യനീതി വകുപ്പ് വിഭാവനം ചെയ്യുന്ന സംയോജിത പുനരധിവാസഗ്രാമം പദ്ധതിയിൽ ആദ്യത്തേതായി, മാനസിക-ബൗദ്ധിക വെല്ലുവിളി നേരിടുന്ന വനിതകൾക്കായി, 'പ്രിയ ഹോം' 2022 ജൂലൈ 26ന് തുറന്നുകൊടുക്കപ്പെടുകയാണ്. 'പ്രിയ ഹോം' പുനരധിവാസകേന്ദ്രം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഉദ്ഘാടനം ചെയ്യും. ബഹു. ധനകാര്യമന്ത്രി ശ്രീ. കെ എൻ ബാലഗോപാൽ അധ്യക്ഷനായിരിക്കും. രാവിലെ 11നാണ് ഉദ്ഘാടനചടങ്ങ്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം കായിലയിലാണ് 'പ്രിയ ഹോം'. കോഴിക്കോട് എരഞ്ഞിപ്പാലം സ്വദേശി കമലാസനൻ സാമൂഹ്യനീതി വകുപ്പിന് വിട്ടുനൽകിയ സ്ഥലവും കെട്ടിടവും നവീകരിച്ചാണ് പ്രിയ ഹോം ഒരുക്കിയിരിക്കുന്നത്. കമലാസനൻ - സരോജിനി ദമ്പതിമാരുടെ മാനസിക വെല്ലുവിളി നേരിടുന്ന മകൾ പ്രിയയുടെ സംരക്ഷണാർത്ഥം കൂടിയാണ് ഇവർ സ്ഥലവും കെട്ടിടവും സർക്കാരിന് കൈമാറിയത്.

സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ ത്യാഗനിർഭരസമരങ്ങൾക്ക് നേതൃത്വം നൽകിയ, അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ജീവിതം മാറ്റിവച്ച സഖാവ് സി എച്ച് കണാരന്റെ കൊച്ചുമകളാണ് പ്രിയ.

സ്വന്തം കാലശേഷമുള്ള മക്കളുടെ സംരക്ഷണത്തെച്ചൊല്ലിയുള്ള ആശങ്കയോടെയാണ് ഭിന്നശേഷിക്കാരായ മക്കളുള്ള രക്ഷിതാക്കൾ ജീവിതം കഴിച്ചുകൂട്ടുന്നത്. ഈ ആശങ്കയ്ക്ക് പരിഹാരം കാണാനുള്ള വിവിധ പ്രവർത്തനങ്ങളിലാണ് സംസ്ഥാന സർക്കാരും സാമൂഹ്യനീതി വകുപ്പും.

സാമൂഹ്യാധിഷ്ഠിതമായ പുനരധിവാസപ്രക്രിയകളാണ് അതിനു വേണ്ടത്. നൂതനപദ്ധതികൾ അതിനായി സാമൂഹ്യനീതിവകുപ്പ് രൂപകല്പന ചെയ്യുന്നു. ഒറ്റപ്പെട്ട കഴിയേണ്ട സ്ഥിതി ഒഴിവാക്കി, സമൂഹത്തിന്റെ ഭാഗമായി, രാജ്യത്തിന്റെ വികസനപ്രവൃത്തികളിൽ പങ്കാളികളാവാൻ ഭിന്നശേഷിക്കാരെക്കൂടി പ്രാപ്തരാക്കണമെന്ന കാഴ്ചപ്പാടോടെയാണ് ഈ പുനരധിവാസപദ്ധതികൾ സർക്കാർ ഒരുക്കുന്നത്. ഇതിനായി രൂപംനൽകിയ പദ്ധതികളിൽ ഒന്നാണ് സംയോജിത പുനരധിവാസ ഗ്രാമം.

ഭിന്നശേഷിക്കാരുടെ സമഗ്രമായ ആരോഗ്യ,വിദ്യാഭ്യാസ, തൊഴിൽ, വ്യോക്ഷേമ മേഖലകളെ കോർത്തിണക്കിയുള്ള വിപുലമായ സംവിധാനമാണ് സംയോജിത പുനരധിവാസ ഗ്രാമം. ഒരു കുഞ്ഞിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലത്ത് ആവശ്യമായി വരുന്ന മുഴുവൻ സംവിധാനങ്ങളും ഇതിൽ ഉൾച്ചേർന്നിരിക്കണമെന്ന കാഴ്ചപ്പാടാണ് സാമൂഹ്യനീതി വകുപ്പിനുള്ളത്.

വൈകല്യം മുൻകൂറായി കണ്ടെത്തൽ, ഫിസിയോ തെറാപ്പിയടക്കം തെറാപ്പി സൗകര്യങ്ങൾ, സർജിക്കൽ കണക്ഷൻ, സ്പെഷ്യൽ സ്കൂൾ കം വിറ്റിസി, ഷെൽട്ടേഡ് വർക്ക്ഷോപ്പ് എന്നിവ, ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷാകർത്താക്കൾക്കുള്ള താമസസൗകര്യം എന്നിവ പുനരധിവാസ ഗ്രാമം പദ്ധതിയുടെ പ്രവർത്തനപരിധിയിൽ വരുന്നുണ്ട്. കുറഞ്ഞത് മൂന്നേക്കറെങ്കിലും സ്ഥലം പ്രയോജനപ്പെടുത്തി, ഈ പ്രവർത്തനങ്ങൾ എല്ലാം ഏറ്റെടുക്കാൻ പര്യാപ്തമായ വിധത്തിലാണ് പുനരധിവാസ ഗ്രാമം പദ്ധതി വിഭാവനംചെയ്യുന്നത്.

ഒറ്റ ഘട്ടത്തിൽ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കുന്നതല്ല എന്ന നിലയ്ക്ക്, ഘട്ടംഘട്ടമായി ലക്ഷ്യം സാക്ഷാത്കരിക്കുക എന്ന സമീപനരീതിയാണ് സർക്കാർ ഇതിൽ പിന്തുടരുന്നത്.

താഴെപ്പറയുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് സ്ത്രീകൾക്കായി ആരംഭിക്കുന്ന പ്രിയ ഹോം സജ്ജമാക്കുന്നത്.

1. താമസസൗകര്യം: മാനസിക വെല്ലുവിളി നേരിടുന്ന നൂറു സ്ത്രീകൾക്കും ബൗദ്ധിക വെല്ലുവിളി നേരിടുന്ന നൂറു സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം താമസസൗകര്യം. അതിൽ ശുചിമുറികളോടുകൂടിയുള്ള ഡോർമെറ്ററികൾ, ശുചിമുറികളോടുകൂടിയുള്ള മുറികൾ, പൊതു ശുചിമുറിയോടുകൂടിയുള്ള മുറികൾ എന്നിവയുണ്ടാകും.
2. അടുക്കളയും ഡൈനിംഗ് സൗകര്യവും: താമസക്കാർക്ക് ഡൈനിംഗ്, കാന്റീൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.
3. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾ: തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക സൗകര്യങ്ങളോടുകൂടിയുള്ള കേന്ദ്രങ്ങൾ. കോൺഫറൻസ് റൂമോടു കൂടിയുള്ള പഠന കേന്ദ്രങ്ങൾ
4. ഭരണനിർവ്വഹണ സൗകര്യങ്ങൾ: ജീവനക്കാർക്ക് യോഗം ചേരാനുള്ള സൗകര്യത്തോടുകൂടിയ ഓഫീസ് സൗകര്യങ്ങൾ
5. ചികിത്സാ സൗകര്യങ്ങൾ: വിവിധ തരാം തെറാപ്പികൾക്കുവേണ്ടിയുള്ള മുറികൾ (സൈക്യാട്രിക്ക്, ഫിസിയോതെറാപ്പി, സ്പീച്ച്, സെൻസറി, യോഗ, സംഗീതം), ആംഫി തിയേറ്റർ, വാർഡ്, ഫാർമസി എന്നിവ.
6. വിപണന സൗകര്യങ്ങൾ: വനിതകളുടെ ശാക്തീകരണ പദ്ധതികളിൽ നിർമ്മിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ വിപണനത്തിന്.
7. വിനോദത്തിനുള്ള സൗകര്യങ്ങൾ: ഇൻഡോർ ഗെയിം ഏരിയ, ഔട്ഡോർ സ്പോർട്സ് ഏരിയ, വ്യായാമത്തിനുള്ള സൗകര്യങ്ങൾ, സാമൂഹ്യ ഒത്തുകൂടൽ ഇടം, ടെലിവിഷൻ മുറി, വെയിലേൽക്കാനും ഉണക്കാനിടാനുമുള്ള മുറ്റം, പൂന്തോട്ടം എന്നിവ.
8. സേവനങ്ങൾ: സ്റ്റോർ മുറി, യൂട്ടിലിറ്റി യാഡ്, വസ്ത്രം അലക്കുന്നതിനുള്ള സൗകര്യം, കുടിവെള്ളത്തിനും മാലിന്യസംസ്കരണത്തിനും ഡ്രെയിനേജിനുമുള്ള സംവിധാനം,ഇലക്ട്രിക് റൂം, സെക്യൂരിറ്റി കാബിൻ, അഗ്നിസുരക്ഷാ അലാറം തുടങ്ങിയവ.

ഭിന്നശേഷിക്കാരുടെ സമഗ്രവികസനത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്നു പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനമാണ് യാഥാർഥ്യമായിത്തുടങ്ങുന്നത്.

ദേശീയതലത്തിൽത്തന്നെ ശ്രദ്ധയാകർഷിക്കാൻ കഴിയുന്ന വളരെ വിപുലമായ പുനരധിവാസ സൗകര്യങ്ങളോടുകൂടിയ ഒന്നാണ് എൻഡോസൾഫാൻ ദുരിതബാധിതമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പുനരധിവാസ ഗ്രാമം.

കാസർഗോഡ് മൂളിയാറിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുരോഗതി ലക്ഷ്യമാക്കി പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ റവന്യൂ വകുപ്പിൽ നിക്ഷിപ്തമായ ഭൂമിയിലാണ് പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത്. നിബന്ധനകൾക്ക് വിധേയമായി ഭൂമിയുടെ ഉപയോഗാനുമതിയും മുൻകൂർ കൈവശാവകാശവും സാമൂഹ്യനീതിവകുപ്പിന് ലഭിച്ചിട്ടുണ്ട്. മുളിയാർ പഞ്ചായത്തിൽനിന്നു നിർമ്മാണ അനുമതി ലഭ്യമായിട്ടുണ്ട്. വൈദ്യുതി ബന്ധവും, കുഴൽക്കിണർ കുഴിച്ച് നിർമ്മാണപ്രവൃത്തിക്ക് ആവശ്യമായ വെള്ളവും ലഭ്യമാക്കിക്കഴിഞ്ഞു.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ ഭാഗത്തുനിന്നുള്ള പ്രവൃത്തി ചെക്ക് മെഷർ ചെയ്യാൻ നിയോഗിച്ച എഞ്ചിനീയറിംഗ് കൺസൾട്ടന്റ് (റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ) സൈറ്റ് സന്ദർശിച്ച് റിപ്പോർട്ട് നൽകിയതോടെ പുനരധിവാസഗ്രാമത്തിന്റെ നിർമാണപ്രവൃത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ആദ്യഘട്ടത്തിൽ ക്ലിനിക്കല സൈക്കോളജി ബ്ലോക്കും, കൺസൾട്ടിംഗ് ആൻഡ് ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. ഒരു വർഷമാണ് നിർമ്മാണ കാലാവധി.

അസിസ്റ്റീവ് ലിവിംഗ് സൗകര്യങ്ങളോടെയുള്ള പുനരധിവാസ ഗ്രാമം എന്ന സങ്കല്പനത്തോടുകൂടിയ പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതലായി കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, മലപ്പുറം ജില്ലയിലെ നിലമ്പൂർ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിലും പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനു മുന്നോടിയായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അടിയന്തിരമായി ഇവിടങ്ങളിലും തുടർനടപടികൾ ഉണ്ടാവും.